# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3651 | 14.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ആർദ്രം പദ്ധതി

| ചോദ്യം<br><br>ശ്രീ.വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മുൻസർക്കാർ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയ യൂണിവേഴ്സൽ ഹെൽത്ത് കെയർ പദ്ധതിയിൽ നിന്നും ഏതെല്ലാം കാര്യങ്ങളിലാണ് ആർദ്രം പദ്ധതി വിഭിന്നമായിരിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | യൂണിവേഴ്സൽ ഹെൽത്ത് കെയർ പൈലറ്റ് പ്രോജക്ട് 2 പി.എച്ച്.സി കളിലും ഒരു സി.എച്ച്.സി യിലുമായി നടന്ന പ്രാഥമികാരോഗ്യ പരിരക്ഷയിലൂന്നിയ ഒരു പദ്ധതിയാണ്. ആർദ്രം പദ്ധതി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ഫാമിലി ഹെൽത്ത് സെന്ററുകളായി മാറ്റുന്നതിനോടൊപ്പം ദ്വിതീയ ത്രിതീയ തലത്തിലുള്ള ആശുപത്രികളുടെ വികസനം ലക്ഷ്യമിടുന്നു. 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും എല്ലാ താലൂക്കിലെയും ഒരു ആശുപത്രിയിലും ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ആണ് ആദ്യ ഘട്ടത്തിൽ നടപ്പാക്കുന്നത്. തുടർന്നുള്ള വർഷങ്ങളിൽ ഇത് സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>കേരളീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീസൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്നതിനുമാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ആർദ്രം ദൗത്യം ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>• ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.<br><br>• ജില്ലാ താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br><br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടംഘട്ടമായി കുടുംബാരോഗ്യ |

<table>
<tr><td></td><td></td><td></td><td>കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.<br><br>• രോഗികൾക്ക് പ്രോട്ടോകോൾ/ ചികിത്സാമാർഗ്ഗരേഖപ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക</td></tr>
<tr><td>(ബി)</td><td>ഈ പദ്ധതി നടപ്പിലാക്കുന്നതിന് എത്ര തസ്തികകളാണ് സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ?</td><td>(ബി)</td><td>2017-2018 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിൽ 5257 തസ്തികകൾ സൃഷ്ടിക്കപ്പെടുമെന്നും ഇതിൽ മൂന്നിൽ ഒന്ന് 2017-2018 കാലയളവിലും, ബാക്കിയുള്ളവ 2018-19, 2019-2020 കാലയളവിൽ പ്രാബല്യത്തിൽ വരുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ റവന്യൂ ബ്ലോക്ക് നിയമസഭാ മണ്ഡലങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><td>മെഡിക്കൽ ഓഫീസർ</td><td>230</td></tr>
<tr><td>ഹെഡ് നഴ്സ്/സ്റ്റാഫ് നഴ്സ്</td><td>482</td></tr>
<tr><td>ലാബ് ടെക്നീഷ്യൻ</td><td>133</td></tr>
<tr><td>ആകെ</td><td>845</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ